മലയാള മനോരമ
08 February 2023

# വിന്റർ സ്കൂൾ ' തുടങ്ങി

കൊച്ചി ● മാരികൾച്ചർ സാങ്കേതികവിദ്യകൾ ഗവേഷകരെ പരിചയപ്പെടുത്താനായി ആരംഭിച്ച വിന്റർ സ്കൂൾ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തീരത്തു നിന്നു 10 കിലോമീറ്റർ കടൽപരിധിയിലാണ് കൂടുമത്സ്യകൃഷി നടത്തുക.

ഒരു കൂടിൽ നിന്ന് 8 മാസത്തിനുള്ളിൽ മൂന്ന് ടൺ മീൻ ഉൽപാദിപ്പിക്കാം. ഒന്നര ലക്ഷം രൂപ മുതൽ രണ്ടര ലക്ഷം രൂപ വരെ വരുമാനമുണ്ടാക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഏഴ് സംസ്ഥാനങ്ങളിൽ നിന്നായി 22 ഗവേഷകരാണ് 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്. കേന്ദ്ര ഓരുജലമത്സ്യകൃഷി ഗവേഷണ സ്ഥാപനം (സിബ) ഡയറക്ടർ ഡോ. കുൽദീപ് കെ. ലാൽ മുഖ്യാതിഥിയായി. കോഴ്സ് ഡയറക്ടർ ഡോ ഇമെൽഡ ജോസഫ്, ഡോ. വി.വി.ആർ. സുരേഷ്, ഡോ.ബോബി ഇഗ്നേഷ്യസ് എന്നിവർ പ്രസംഗിച്ചു.